# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2793** **06.11.2019 ലെ മറുപടി**

**താനൂർ നിയോജക മണ്ഡലത്തിലെ കെട്ടുങ്ങൽതോട് - പൂരപ്പുഴ റെഗുലേറ്റർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ:** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) താനൂർ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പതിറ്റാണ്ടുകൾ പഴക്കമുള്ള ആവശ്യമായ കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;<br><br>(ബി) കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങളും റിപ്പോർട്ടും ലഭ്യമാക്കുമോ;<br><br>(സി) നിലവിൽ കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്ററിന് കിഫ്ബിയിൽ നിന്നോ അല്ലാതെയോ ഫണ്ട് എന്തെങ്കിലും വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;<br><br>(ഡി) താനൂർ, തിരൂരങ്ങാടി ഭാഗങ്ങളിലുള്ള ആയിരക്കണക്കിന് കർഷകർക്ക് ഗുണം ലഭിക്കുന്ന മേൽ സൂചിപ്പിച്ച പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (എ)യും (ബി)യും (സി)യും (ഡി)യും<br><br>കിഫ്ബി ധനസഹായത്തോടെ കെട്ടുങ്ങൽ തോട് - പൂരപ്പുഴയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന SWE റെഗുലേറ്റർ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി രൂപ കൽപ്പനയ്ക്ക് വേണ്ടി റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബിയുടെ കാര്യാലയത്തിലേക്ക് നല്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായുള്ള സെക്കന്റ് സ്റ്റേജ് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് അനുമതി നല്കുന്നതിന് നടപടിയെടുത്തു വരുന്നു. ടി പ്രവൃത്തി സംബന്ധിച്ച് ആവശ്യമായ പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

SR...

**സെക്ഷൻ ഓഫീസർ**